"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഏകവരുമാനദായകന്റെ വിയോഗം - ധനസഹായം അഭ്യർത്ഥിച്ച് കൊല്ലം ജില്ലയിൽ നിന്നുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.178/2026/SCSTD തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.128/12/പജപവവിവ തീയതി 20/9/2012.
2. സ.ഉ.(കൈ)നം.85/18/പജപവവിവ തീയതി 22/11/2018
3. സ.ഉ.(സാധാ)നം.582/2019/പജപവവിവ തീയതി 26/06/2019
4. സ.ഉ(കൈ) നം.5/2023/പജപവവിവ തീയതി 04.03.2023
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 11/12/2025ലെ SCDD/5999/2023-B1(DEV B) നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബത്തിന്റെ ഏകവരുമാനദായകൻ മരണപ്പെട്ടതിനെ തുടർന്ന് ധനസഹായം അഭ്യർത്ഥിച്ച് കൊല്ലം ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബത്തിലെ ഏകവരുമാനദായകന്റെ മരണത്തോടെ നിരാലംബരായ ചുവടെ ചേർത്തിരിക്കുന്ന അപേക്ഷകർക്ക് പരാമർശം (3) പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും വിലാസവും | ധനസഹായം |
|---|---|---|
| 1 | ശ്രീമതി. മഞ്ജു നാരായണൻ, പണയിൽ വീട്, കൊട്ടിയം | Rs.2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) |
| 2 | ശ്രീമതി. മണി രാമൻ, SMC 195, രാജേന്ദ്രഭവനം | Rs.2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) |

3. ഏകവരുമാനദായകൻ മരണപ്പെട്ടാൽ അനുവദിക്കുന്ന ധനസഹായം ഇതുവരെയും അനുവദിച്ചിട്ടില്ലെന്ന് ഉറപ്പാക്കിയ ശേഷം ഇതിലേയ്ക്ക് ആവശ്യമായ തുക "2225-01-282-96 ആരോഗ്യ സുരക്ഷാ പദ്ധതി ” എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മണികണ്ഠൻ പി കെ കെ എ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ,പട്ടികജാതി വികസനവകുപ്പ്, തിരുവനന്തപുരം.(അപേക്ഷകളും അനുബന്ധരേഖകളും

സഹിതം)
അപേക്ഷകർക്ക് പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ജില്ലാ പട്ടികജാതി വികസന ഓഫിസർ, കൊല്ലം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Nazeer S
Date: 06-02-2026 12:30:51
സെക്ഷൻ ഓഫീസർ